"ചക്കുവള്ളിയിൽ ദേവസ്വം ബോർഡിന്റെ പോളിടെക്നിക്ക്"

207 (6126) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചക്കുവള്ളി ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള 18 ഏക്കർ സ്ഥലത്ത് ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം തൽക്കാലം ബോർഡിന്റെ പരിഗണനയിലില്ല.

"ക്ഷേത്രകലാപീഠത്തിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന് പി.എസ്.സി. അംഗീകാരം"

208 (6127) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൈക്കം, പെരുവനം, ആറ്റിങ്ങൽ ക്ഷേത്ര കലാപീഠങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ദേവസ്വം ബോർഡ് അമ്പലങ്ങളിൽ ജോലി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കോഴ്സുകൾ നമ്മുടെ വിദ്യാഭ്യാസ കരിക്കുലത്തിന്റെ ഭാഗമാക്കി പൊതുവിദ്യാഭ്യാസ സിലബസ്സിൽ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡുതലത്തിൽ പി.എസ്.സി.യുമായി കൂടിയാലോചിച്ചു സ്വീകരിക്കാവുന്നതാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ക്ഷേത്ര കലാപീഠങ്ങളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ജോലി നൽകുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കോടതി ഉത്തരവുണ്ടായതിനുശേഷം അനന്തര നടപടി ബോർഡ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly